“വെള്ളപ്പൊക്കത്തിനു ശേഷം ഉള്ള ആരോഗ്യ നിർദേശങ്ങൾ -

*വീടിന്റെ തറയും പരിസരവും വൃത്തിയാക്കുന്ന രീതി*
1. പരിസരം വൃത്തി ആക്കാൻ പലരും ബ്ലീച്ചിംഗ് പൌഡർ വിതറുന്നത് കാണാം. ഇത് കൊണ്ട് പരിസരം അനു വിമുക്തം ആക്കാൻ സാധികില്ല.
2. 1% ക്ലോറിൻ ലായനി തയ്യാറാകുന്ന വിധം:  6 ടീ സ്പൂൺ ബ്ലീച്ചിംഗ് പൌഡർ എടുത്തു കുഴമ്പ് പരുവത്തിൽ ആക്കുക. അതിനു ശേഷം അതിലേക്കു 1 ലിറ്റർ വെള്ളം ചേർക്കുക. മുകളിൽ പറഞ്ഞ പോലെ കലക്കി 10 മിനിറ്റ് വച്ച ശേഷം, അതിന്റെ തെളി എടുത്തു വേണം തറ തുടക്കാനും, പരിസരത്ത് ഒഴിക്കാനും. കൂടുതൽ ആവശ്യം എങ്കിൽ ഒരു ലിറ്ററിന് 6 ടീസ്പൂൺ എന്നാ കണക്കിന് ലായനി തയ്യാറാക്കാം.
3. നിലം തുടച്ച ശേഷം / വീട്ടു പരിസരത്ത് ക്ലോറിൻ ലായനി ഒഴിച്ച ശേഷം ചുരുങ്ങിയത് 20 – 30 മിനിറ്റ് സമ്പർക്കം ലഭിച്ചാൽ മാത്രമേ അണു നശീകരണം കൃത്യമായി നടക്കൂ. അതിനാൽ അത്രയും സമയം വരെ തറ തുടക്കുവാനോ വെള്ളം ഒഴിക്കുവാണോ പാടില്ല.
4. അര മണിക്കൂറിനു ശേഷം മണം ഉള്ള മറ്റു ലായനികൾ ഉപയോഗിച്ച് തറ വൃത്തി ആക്കി ക്ലോറിൻ മണം മാറ്റാം.

*തയ്യാറാക്കിയത്: ഡോ. വി. ജിതേഷ്*
സൂപ്രണ്ട്, ജില്ല ആശുപത്രി, മാനന്തവാടി